# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5756

**2017 മെയ് 25 ന് മറുപടി നൽകേണ്ടത്**

**<u>തലശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

| ചോദ്യം<br>ശ്രീ. എ.എൻ. ഷംസീർ | | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2017-18 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ എന്തെല്ലാം പ്രവൃത്തികൾ ആണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS) 5 കോടി രൂപയും, നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന നിധിയുടെ കീഴിൽ 1 കോടി രൂപയും 2017-18 ലെ ബജറ്റിൽ തലശ്ശേരി നിയോജക മണ്ഡലത്തിനായി വകയിരുത്തിയിട്ടുണ്ട്. മറ്റ് പ്രവൃത്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ കിഫ്ബി (KIIFB) മുഖാന്തിരം നടപ്പിലാക്കുന്ന പ്രത്യേക നിക്ഷേപ പദ്ധതിയുടെ കീഴിൽ തലശ്ശേരി കോർട്ട് കോംപ്ലക്സ്, ചമ്പാട്-കോപ്പാലം തലശ്ശേരി റോഡ് എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയോ; എങ്കിൽ ആയതു സംബന്ധിച്ച് വ്യക്തമാക്കുമോ; | 2017-18 സാമ്പത്തിക വർഷം നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച് തലശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് ശിപാർശകൾ ഒന്നും ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രത്യേക വികസനനിധി പ്രകാരമുള്ള പ്രവൃത്തികളിൽ ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ നിന്നുമാണ് തുടർനടപടികൾ സ്വീകരിക്കുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മറ്റ് പ്രവൃത്തികൾ നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | പെൻഷൻ സബ് ട്രഷറി ഓഫീസ് തലശ്ശേരി കെട്ടിട നിർമ്മാണം |
| 2 | തലശ്ശേരി ഫയർ സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം |
| 3 | തലശ്ശേരി ഫാസ്റ്റ് ട്രാക്ക് കോടതി |
| 4 | തലശ്ശേരി ഫയർ സ്റ്റേഷൻ പുനർ കെട്ടിട നിർമ്മാണം |
| 5 | തലശ്ശേരിയിൽ എൻ.ജി.ഒ മാർക്ക് സി ടൈപ്പ് ക്വാർട്ടേഴ്സ് നിർമ്മാണം |
| 6 | തലശ്ശേരിയിൽ എൻ.ജി.ഒ മാർക്ക് ഇ ടൈപ്പ് ഫ്ളാറ്റ് ക്വാർട്ടേഴ്സ് നിർമ്മാണം |
| 7 | തലശ്ശേരിയിൽ അഡീഷണൽ ജില്ലാ ജഡ്ജിക്കും എം.എ.സി.ടി ജഡ്ജിക്കും ക്വാർട്ടേഴ്സ് നിർമ്മാണം |
| 8 | സ്കൂൾ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ തലശ്ശേരി |
| 9 | തലശ്ശേരി ഗവ.ജനറൽ ഹോസ്പിറ്റലിൽ കുട്ടികളുടെ ബ്ലോക്ക് നിർമ്മാണം |
| 10 | തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി നിർമ്മാണം |
| 11 | തലശ്ശേരി ജനറൽ ആശുപത്രി നവീകരണം |
| 12 | തലശ്ശേരി-ഇരിക്കൂർ റോഡ് കി.മീ 0/300 മുതൽ 3/300 വരെ അഭിവൃദ്ധിപ്പെടുത്തൽ |
| 13 | മാഹി ബൈപ്പാസ് റോഡ് കി.മീ 2/400 മുതൽ 3/170 വരെ അഭിവൃദ്ധിപ്പെടുത്തൽ |
| 14 | തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ഡ്രെയിൻ ക്ലിയറിംഗും കവറിംഗ് സ്ലാബ് നിർമ്മാണവും |
| 15 | പി.യു.കെ.സി റോഡിൽ കാലിക്കറ്റ് ബോർഡർ മുതൽ ചൊവ്വ വരെ |
| 16 | തലശ്ശേരി-കൊടിയേരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ |
| 17 | തലശ്ശേരി-നാദാപുരം റോഡ് കി.മീ 0/000 മുതൽ 10/000 വരെയുള്ള വികസനം |
| 18 | കുയ്യാലി-കൊളശ്ശേരി-ഏരഞ്ഞോളി-തോട്ടുമ്മൽ-കതിരൂർ റോഡ് |
| 19 | തലശ്ശേരി ആഫ്റ്റർ കെയർ ഹോമിന്റെ നിർമ്മാണം. |
| 20 | കണ്ണൂർ ജില്ലയിൽ എരഞ്ഞോളി പഞ്ചായത്തിൽ "ഉമ്മൻചിറ വി.സി.ബി. നിർമ്മാണം" |
| 21 | അടിസ്ഥാന സൗകര്യ വികസനത്തിനായി മലബാർ കാൻസർ സെന്ററിന് ധനസഹായം. |
| 22 | ചെറുകിട തുറമുഖങ്ങളുടെ വികസന പദ്ധതി, കടൽത്തീര കപ്പൽ ഗതാഗത വികസന പദ്ധതി എന്നിവയിലുൾപ്പെടുത്തിയുള്ള തലശ്ശേരി തുറമുഖത്തിന്റെ വികസന പ്രവൃത്തികൾ. |
| 23 | ലോകബാങ്ക് സഹായത്തോടെയുള്ള കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള തലശ്ശേരി കളറോഡ് റോഡ് പ്രവൃത്തി. |
| 24 | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണം. |
| 25 | കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന തലശ്ശേരി-മൈസൂർ റെയിൽ പദ്ധതി. |

സെക്ഷൻ ഓഫീസർ